LIBRARY ARCHIVES Kerala Legislative Assembly

ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളവിപണി

*25 [115] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. പി. ഗംഗാധരൻ
,, ലൂഡി ലൂയിസ്:
,, വർക്കല കഹാർ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോള ആവശ്യം എത്ര യാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര ശതമാനം സംസ്ഥാനത്തിന് നൽകാൻ കഴിയുന്നുണ്ട്;

(സി) ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളവിപണിയിൽ കേരളത്തിന്റെ സംഭാവന വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇപ്പോഴുള്ള ആഗോള ആവശ്യം 44 ലക്ഷം മെട്രിക് ടൺ ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 0.96 ശതമാനം.

(സി) കെ.എം.എം.എൽ.-ന്റെ ഉല്പാദനശേഷി ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ അംഗീകരിച്ച കോർപ്പറേറ്റ് പ്ലാൻ പ്രകാരം നിലവിലുള്ള ഉല്പാദനശേഷിയായ 22,000 മെട്രിക് ടൺ 2006-2007-ൽ പ്രതിവർഷം 1 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ടി.ടി.പി.-യുടെ പ്രതിവർഷ ഉല്പാദനശേഷി 15,000 ടണ്ണിൽ നിന്നും 30,000 ടണ്ണായും വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനകം അമേരിക്ക, ഇംഗ്ലണ്ട്, സിങ്കപ്പൂർ മുതലായ രാജ്യങ്ങളിലേക്ക് ഉല്പന്ന കയറ്റുമതിക്ക് തുടക്കം കുറിക്കുകയും കൂടുതൽ വിപണി കണ്ടെത്താൻ ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ തുറമുഖ വികസനം

*26 [116] ശ്രീ. കെ. സി. വേണുഗോപാൽ: സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച എൽ ആന്റ് ടി റാംബോൾ എന്ന സ്ഥാപനം സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് റിപ്പോർട്ടു സമർപ്പിച്ചത്;

(ബി) റിപ്പോർട്ടു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;